## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1136** **20/01/2014-ൽ മറുപടിക്ക്**

### <u>സ്കൂൾ യൂണിഫോം പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീമതി. ഗീതാഗോപി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള സ്കൂൾ യൂണിഫോം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) സ്കൂൾ യൂണിഫോം പദ്ധതിക്ക് സംസ്ഥാന സർക്കാർ 80 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) യൂണിഫോമിനുള്ള തുണി വിതരണം ചെയ്യാൻ ഏതെല്ലാം കമ്പനികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അതിൽ സംസ്ഥാന ഖാദി ബോർഡിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ? | (ബി) ടെൻഡർ ഫോമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റി 8 കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. ടി കമ്പനികളിൽ നിന്നോ ഗുണമേന്മ ഉറപ്പ് വരുത്തി പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. കമ്പനികളുടെ വിവരം ചുവടെ കൊടുക്കുന്നു.<br>1. മഫത്‌ലാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, അഹമ്മദാബാദ്, ഗുജറാത്ത്.<br>2. സുസുക്കി ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്, ബിൽവാരം, രാജസ്ഥാൻ.<br>3. അലോക് ഇൻഡസ്ട്രീസ്, മുംബൈ.<br>4. ബൻസ്വാര സിന്റെക്സ് ലിമിറ്റഡ്, മുംബൈ.<br>5. എസ്. കുമാർസ് നേഷൻവൈഡ് ലിമിറ്റഡ്, മുംബൈ.<br>6. സംഗം (ഇൻഡ്യ) ലിമിറ്റഡ്, ബിൽവാര, രാജസ്ഥാൻ.<br>7. ആർ.എസ്.ഡബ്ല്യു.എം, ബിൽവാര ടവേഴ്സ്, നോയിഡ, ഉത്തർപ്രദേശ്.<br>8. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ, ന്യൂഡൽഹി.<br>സംസ്ഥാന ഖാദി ബോർഡ് ഇക്കാര്യത്തിൽ സന്നദ്ധത അറിയിച്ചിട്ടുണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ